# കേരള ഹൈക്കോർട്ട്
# എംപ്ലോയീസ് ക്രെഡിറ്റ് കോ – ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡ് നമ്പർ ഇ - 830. എറണാകുളം - 31




## നിബന്ധനകൾ

1. ഹൈക്കോടതി ജീവനക്കാരായ സംഘാംഗങ്ങളുടെ ക്ഷേമം മുൻ നിർത്തിയും സംഘത്തിന്റെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലും സംഘത്തിന്റെ രജത ജൂബിലി സ്മാരകമായി രൂപം നൽകിയ ഒരു നൂതന നിക്ഷേപ പദ്ധതിയാണിത്. ഈ പദ്ധതി 'സംരക്ഷതി' എന്ന പേരിൽ അറിയപ്പെടുന്നു.

2. അംഗങ്ങളിൽ നിന്നും സ്വരൂപിക്കുന്ന ലഘു ആവർത്തിത ദീർഘകാല സ്ഥിരനിക്ഷേപമാണ് ഈ പദ്ധതിയുടെ മൂലധനം. ആകർഷകമായ ഉയർന്ന പലിശനിരക്കിൽ ഈ നിക്ഷേപ തുക അംഗങ്ങൾ വിരമിക്കുമ്പോൾ മടക്കി നൽകുന്നതാണ്.

3. ഈ നിക്ഷേപ പദ്ധതിയിൽ അംഗമാകുന്നതോടെ ആരംഭിക്കുന്ന പ്രതിമാസ ആവർത്തിത നിക്ഷേപ പ്രക്രിയ വിരമിക്കൽ മാസം വരെ തുടരുന്നതും ഓരോ വർഷവും അവസാനിക്കുന്ന മുറയ്ക്ക് അതുവരെയുള്ള നിക്ഷേപ തുകയും പലിശയും സ്ഥിര നിക്ഷേപമായി മാറുന്നതും ആയതിന്റെ പലിശ ആവർത്തിത നിക്ഷേപ മായി മാറ്റപ്പെടുകയും ടി തുകയും പലിശയുമടക്കം ഓരോ വർഷാവസാനവും സ്ഥിരനിക്ഷേപമായി മാറ്റു കയും ചെയ്യുന്ന ഈ പദ്ധതി വിരമിക്കുന്ന അംഗത്തിന് നിക്ഷേപതുകയും അതിന്മേൽ ഉയർന്ന പലിശയും സംഘത്തിന് ദിർഘകാല സ്ഥിരനിക്ഷേപവും ഉറപ്പാക്കുന്നു.

4. ഒരു യൂണിറ്റിന്റെ അടിസ്ഥാന വില 100 രൂപ ക്രമത്തിൽ അംഗങ്ങളുടെ ക്രയശേഷിക്ക് ആനുപാതികമായി യൂണിറ്റുകളെടുത്തുകൊണ്ട് ഈ പദ്ധതിയിൽ നിക്ഷേപം നടത്താനാവും. 12 പ്രതിമാസ തവണകൾ കൃത്യ മായി പൂർത്തിയാകുന്ന മുറയ്ക്ക് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും കുറയ്ക്കുവാനും കഴിയും. ഏറ്റവും കുറവ് ഒരു യൂണിറ്റെങ്കിലും എല്ലായ്പ്പോഴും നിലനിർത്തേണ്ടതണ്.

5. ഓരോ വർഷത്തേക്കുമുള്ള ആവർത്തിത നിക്ഷേപത്തിന് ടി നിക്ഷേപത്തിനു നൽകുന്ന ഏററവും ഉയർന്ന പലിശ നിരക്കായിരിക്കം നൽകുക. ഈ നിക്ഷേപ പദ്ധതിയുടെ പലിശ നിരക്ക് കാലാകാലങ്ങളിൽ ( സഹക രണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കു വിധേയമായി) സംഘം ഭരണസമിതി തീരുമാനിക്കുന്നതാണ്.

6. കുറഞ്ഞത് 2 വർഷമെങ്കിലും സേവനകാലം അവശേഷിക്കുന്ന ഏതൊരു ഹൈക്കോടതി ജീവനക്കാരനും പദ്ധതിയിൽ അംഗമാകാവുന്നതാണ്. എന്നാൽ പ്രാരംഭ വർഷത്തിൽ ഒരു വർഷം സർവ്വീസിലുള്ളവർക്കും പദ്ധതിയിൽ അംഗമാകാം.

7. ഈ പദ്ധതിയിൽ ചേർന്നിട്ടുള്ള അംഗങ്ങൾ പ്രതിമാസ നിക്ഷേപതുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം മൂന്നുമാസം വരെ മുടങ്ങിയ തുക നിക്ഷേപത്തിനു നൽകുന്ന പലിശയേക്കാൾ ഒരു ശതമാനം അധിക പലിശയോടൊപ്പം അടച്ച് പദ്ധതിയിൽ തുടരാവുന്നതാണ്. മൂന്നു മാസത്തിനുമേൽ വീഴ്ച വരുത്തുന്ന നിക്ഷേപകന്റെ ഈ പദ്ധതിയിലെ അംഗത്വം നഷ്ടമാകുന്നതും 12 മാസങ്ങൾക്കു ശേഷം വീണ്ടും അംഗത്വം നേടി ഈ പദ്ധതിയിൽ തുടരാവുന്നതുമാണ്. മുടക്കം വരുത്തിയ നിക്ഷേപകന് ആ വർഷം ആവർത്തിത നിക്ഷേപത്തിന് പദ്ധതി വാഗ്ദാനം ചെയ്ത പലിശ നിരക്കിനു വിഭിന്നമായി സംഘം എസ്.ബി. അക്കൗണ്ടിന് അനുവദിക്കുന്ന പലിശയായിരിക്കും അനുവദിക്കുക.

8. ഈ പദ്ധതിയിൽ ചേർന്നിട്ടുള്ള അംഗം മരണപ്പെടുകയാണെങ്കിൽ നിക്ഷേപ പദ്ധതിയുടെ അപേക്ഷാഫോമിനൊപ്പം നൽകിയിരിക്കുന്ന അവകാശികൾക്ക് നിക്ഷേപതുക പലിശ സഹിതം 30 ദവസത്തിനകം മടക്കി നൽകുന്നതാണ്.

9. വിരമിക്കുന്ന കാലയളവിൽ ആവർത്തിത നിക്ഷേപപദ്ധതിയിൽ 12 പ്രതിമാസതവണ അടക്കുവാൻ കാലാവധി തികയാതെ വരികയാണെങ്കിലും വാർഷിക ആവർത്തിത നിക്ഷേപം മുൻ വർഷങ്ങളിലേതുപോലെ പുതുക്കുന്നതും (വിരമിക്കൽ തീയതി വരെ) ഇതിന് പദ്ധതിയിലെ ആവർത്തിത നിക്ഷേപ പദ്ധതിയുടെ തത്തുല്ല്യമായ പലിശ നിരക്ക് ലഭിക്കുന്നതുമാണ്.

10. സേവന വിരാമ നിക്ഷേപ പദ്ധതിയായതിനാൽ വിരമിക്കുന്ന അവസരത്തിൽ മാത്രമേ നിക്ഷേപത്തുക പലിശയോടൊപ്പം അംഗങ്ങൾക്ക് തിരികെ ലഭിക്കുകയുള്ളൂ. സേവനം മതിയാക്കൽ, മരണം, പിരിച്ചുവിടൽ എന്നിവയ്ക്ക് വിധേയമാകുന്നവർക്ക് ഈ നിബന്ധന ബാധകമല്ല.

11. ഈ ക്ഷേമ പദ്ധതിയുടെ സാക്ഷാത്ക്കാരത്തിന് അനിവാര്യമായതിനാൽ യാതൊരു കാരണവശാലും വായ്പ സൗകര്യം അനുവദനീയമല്ല.

12. ഈ പദ്ധതിയിൽ അംഗങ്ങളുടെ വിരമിക്കൽ പ്രായം ഹൈക്കോടതി സേവന നിയമത്തിന് അനുസൃതമായിരിക്കും.

13. ഈ പദ്ധതിയിലൂടെ സ്വരൂപിക്കുന്ന ഫണ്ട് സാധാരണ വായ്പ അനുവദിക്കുന്നതിനും, പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിലേയ്ക്കാവശ്യമായ തുക വക മാറ്റുന്നതിനും മാത്രമാണ് വിനിയോഗിക്കുക.

14. ഈ പദ്ധതിയുടെ നിബന്ധനകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും, കൂടുതൽ ആകർഷകമാക്കുന്നതിനും (സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായി) ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. ഈ പദ്ധതിയിൽ അംഗമാകുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## സമ്മതപത്രം

സംരക്ഷതിയുടെ നിലവിലുള്ള നിബന്ധനകൾ ഞാൻ വായിച്ച് അംഗീകരിക്കുന്ന. ടി. നിബന്ധനകളും, ഇനിമേൽ ഉണ്ടാകാവുന്നതുമായ എല്ലാ നിബന്ധനകളും എനിക്കും ബാധകമായിരിക്കുന്നതാണ്.

അപേക്ഷകന്റെ / യുടെ ഒപ്പ്

ഈ പദ്ധതിയുടെ തുടർന്നുള്ള പ്രതിമാസ തവണകൾ എന്റെ ശമ്പളത്തിൽ നിന്ന് ഡിപ്പാർട്ട്മെന്റ് മുഖേന റിക്കവറി നടത്തുവാൻ ഞാൻ സംഘം സെക്രട്ടറിയെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

സ്ഥലം.................................

അപേക്ഷകന്റെ / യുടെ ഒപ്പ്

തീയതി...............................